# പതിനാലാം കേരളനിയമസഭ
# പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം: 4988** **14.11.2019 -ൽ മറുപടിയ്ക്ക്**

## ഗൃഹശ്രീ പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.ടി.എ.അഹമ്മദ് കബീർ :** | | **ശ്രീ. ഇ. ചന്ദ്രശേഖരൻ (ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)** |
| (എ) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കുന്ന ഗൃഹശ്രീ പദ്ധതിയുടെ ഭാഗമായി മങ്കട നിയോജക മണ്ഡലത്തിൽ നടന്നിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കാമോ;<br>(ബി) ഗൃഹശ്രീ പദ്ധതിയുമായി ബന്ധപ്പെട്ട് മങ്കട നിയോജകമണ്ഡലത്തിൽ നിന്നും എത്ര അപേക്ഷകൾ നാളിതുവരെ ലഭ്യമായിട്ടുണ്ട്;<br>(സി) പ്രസ്തുത അപേക്ഷകളിന്മേൽ ഭവന നിർമ്മാണ ബോർഡിന്റെ വിഹിതം അനുവദിക്കുവാൻ നടപടികൾ സ്വീകരിക്കുമോ? | (എ)<br>(ബി)<br>&<br>(സി) | മങ്കട നിയോജക മണ്ഡലം ഉൾപ്പെടുന്ന പ്രദേശത്തു നിന്നും 2013-16 വർഷങ്ങളിലായി 89 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അതിൽ 88 പേർ വീടു പണി പൂർത്തിയാക്കി എല്ലാ ഗഡുക്കളും കൈപ്പറ്റിയിട്ടുണ്ട്. ഒരാൾക്ക്, ഭാഗികമായി പണി പൂർത്തിയാക്കിയതനുസരിച്ച് 3 ഗഡുക്കൾ നൽകിയിട്ടുള്ളതും ഇനി ഒരു ഗഡു നൽകുവാനുമുണ്ട്. 2017-18, 2018-19, 2019-20 വർഷങ്ങളിലായി മങ്കട നിയോജകമണ്ഡലത്തിൽ നിന്നും 75 വീടുകൾക്കായി സ്പോൺസർമാരിൽ നിന്നും (വ്യക്തികൾ/സംഘടന) അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.<br>2017-18, 2018-19 വർഷത്തെ ബജറ്റിൽ ഗൃഹശ്രീ പദ്ധതിയ്ക്കായി തുക വകകൊള്ളിച്ചിരുന്നെങ്കിലും തുക അനുവദിച്ചിരുന്നില്ല. 2019-20 സാമ്പത്തിക വർഷത്തെ ടി പദ്ധതിയ്ക്കുള്ള ഭരണാനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് 19/10/2019-ലെ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് തീരുമാന പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായും, എൽ.എസ്.ജി.ഡി അഡീഷണൽ ചീഫ് സെക്രട്ടറിയുമായും ചർച്ച ചെയ്ത് തീരുമാനം എടുക്കാൻ ബോർഡിന് നിർദ്ദേശം നൽകിയിരുന്നു. |

Subha

സെക്ഷൻ ഓഫീസർ